# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2691

17.06.2019-ലെ മറുപടി

## സ്മാർട്ട് മീറ്റർ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വെള്ളക്കരം പിരിക്കുന്നതിന് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്നതിന്റെ സാധ്യത ജല അതോറിറ്റി പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ജലത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ ജലവിതരണം നടത്തുന്ന സ്ഥാപനത്തിനും ഉപഭോക്താവിനും കൈമാറ്റം ചെയ്യുവാൻ കഴിയുന്ന രീതിയിലാണ് സ്മാർട്ട് മീറ്ററുകൾ പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള സ്മാർട്ട് മീറ്ററുകൾ ആഗോളതലത്തിലും ദേശീയ തലത്തിലും പ്രായോഗികമാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. കേരളത്തിലെ സാഹചര്യത്തിൽ പ്രായോഗികമാണെന്ന് കണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ അനുയോജ്യതയും പ്രായോഗികതയും പരീക്ഷണാടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ മനസ്സിലാക്കാവുന്നതാണ്. |
| (ബി) | ഇതിന്റെ അനുയോജ്യതയും പ്രായോഗികതയും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | ഈ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 229 ലക്ഷം രൂപയും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 550 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതികൾക്കായി ഇതുവരെ 1,38,717/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ